(ബി) കാലതാമസം ഒഴിവാക്കാൻ എന്തു നടപടികളെടുക്കുവാനുദ്ദേശിക്കുന്നു എന്നു വ്യക്തമാക്കുമോ?

വിദ്യാഭ്യാസവകുപ്പുമന്ത്രി (ശ്രീ. സി. എച്ച്, മുഹമ്മദുകോയ) :

(എ,ബി) നിലവിലുള്ള നിയമമനുസരിച്ച് രണ്ടു മാസം കൂടുമ്പോഴാണ് അഗതി പെൻഷൻ വിതരണം നടത്തുന്നത്. എന്നാൽ ചുരുക്കം ചില കേസ്സുകളിൽ വൈകിയാണ് പെൻഷൻ കിട്ടുന്നതെന്ന് പെൻഷൻകാരിൽ നിന്ന് പരാതി കിട്ടാറുണ്ട്. അങ്ങനെയുള്ള പരാതികളെപറ്റി അന്വേഷിച്ച് പരിഹാരം നിർദ്ദേശിക്കാറുണ്ട്.

അൺ എയിഡഡ് റെക്കഗ്നൈസ്ഡ് സ്കൂളുകൾ

*333 [350] ശ്രീ. കെ. ജെ. ചാക്കോ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) അൺ എയിഡഡ് റെക്കഗ്നൈസ്ഡ് സ്കൂളുകൾ അനുവദിക്കുവാൻ ഗവൺമെൻറ് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഒരു സ്കൂളു പോലും ഇത്തവണ അനുവദിച്ചിട്ടില്ലാത്ത സ്ഥലങ്ങൾക്ക് അൺ എയിഡഡ് റെക്കഗ്നൈസ്ഡ് സ്കൂളുകൾ അനുവദിക്കുമ്പോൾ മുൻഗണന നൽകുമോ?

വിദ്യാഭ്യാസ വകുപ്പു മന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദു കോയ):

(എ,ബി) ഈ ഗണത്തിൽപ്പെട്ട സ്കൂളുകൾ പുതുതായി അനുവദിക്കുന്നകാര്യം ഗവൺമെൻറിൻെറ പരിഗണനയിൽ ഇരിക്കുകയാണ്.

കോഴ വാങ്ങുന്നതിനെതിരെ നടപടി

*334 [351] ശ്രീ. നീലലോഹിതദാസൻ നാടാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുതായി അനുവദിക്കുന്ന സ്കൂളുകളിൽ അദ്ധ്യാപകരേയും മറ്റു ജീവനക്കാരേയും നിയമിക്കുമ്പോൾ കോഴ വാങ്ങാതിരിക്കുവാൻ ഫലപ്രദവും കർശനവുമായ നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശമുണ്ടോ;

(ബി) ഉണ്ടെങ്കിൽ നടപടികൾ എന്തൊക്കെയാണ്?

വിദ്യാഭ്യാസ വകുപ്പു മന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദു കോയ):

(എ,ബി) ഇതു സംബന്ധിച്ച് വ്യക്തമായ പരാതികൾ ലഭിച്ചാൽ അവരുടെ പേരിൽ കർശനമായ നടപടികൾ നടത്തുന്നതാണ്.

അഴിമതി ആരോപണം സംബന്ധിച്ച അന്വേഷണ റിപ്പോർട്ട്

*335 [352] ശ്രീ. കെ. കെ. എസ്. തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലിക്കറ്റ് യൂണിവേഴ്സിറ്റി അധികൃതരുടെ പേരിൽ അഴിമതി ആരോപണ അന്വേഷണം പൂർത്തിയായിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly